പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1514 — 13.06.2014 ലെ മറുപടിയ്ക്ക്

**കാഞ്ഞങ്ങാട് മണ്ഡലത്തിൽ സംഭവിച്ച കൃഷിനാശം**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഇ. ചന്ദ്രശേഖരൻ | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |

(എ) കാഞ്ഞങ്ങാട് മണ്ഡലത്തിൽ 26/04/2013 ന് ഉണ്ടായ കനത്ത മഴയിലും ചുഴലിക്കാറ്റിലും കൃഷിനാശം സംഭവിച്ചവർക്ക് ചാല ദുരന്തത്തിന്റെ മാതൃകയിൽ സ്പെഷ്യൽ പാക്കേജിൽ പ്പെടുത്തി ധനസഹായം നൽകി വരുന്നതിനുള്ള നടപടികൾ ഏതുവരെ യായെന്ന് വിശദീകരിക്കാമോ;

(ബി) പ്രസ്തുത കൃഷിനാശമുണ്ടായി ഒരു വർഷം കഴിഞ്ഞിട്ടും നഷ്ടപരിഹാരം നൽകുന്ന തിന് കാലതാമസം നേരിടുന്നത് എന്തു കൊണ്ടാണെന്നും വിശദീകരിക്കാമോ?

(എ) & (ബി) 26.04.13 ന് കാസർഗോഡ് ജില്ലയിൽ വീശിയടിച്ച ചുഴലിക്കൊടുങ്കാറ്റ് മൂലം മടിക്കൈ, കിനാനൂർ-കരിന്തളം, പനത്തടി, ബളാൽ, തൃക്കരിപ്പൂർ, ചെറുവത്തൂർ, കയ്യൂർ-ചീമേനി, കള്ളാർ, പടന്ന, കോടോം-ബേളൂർ, ഈസ്റ്റ് എളേരി, വലിയപറമ്പ, പുല്ലൂർ-പെരിയ, പീലിക്കോട് എന്നീ 14 പഞ്ചായത്തുകളിൽ വാഴ, തെങ്ങ്, റബ്ബർ, കമുക്, കുരുമുളക്, കശുമാവ് എന്നീ വിളകൾക്ക് ഉണ്ടായ നാശത്തിന് കണ്ണൂർ ചാല ഗ്യാസ് ടാങ്കർ ദുരന്തത്തിൽ നാശനഷ്ടം സംഭവിച്ച വിളകൾക്ക് അനുവദിച്ചതു പോലെ നഷ്ടപരിഹാരത്തിന് സ്പെഷ്യൽ പാക്കേജ് അനുവദിക്കണമെന്ന ശിപാർശ റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട് പരിശോധിച്ചിട്ടുണ്ട്. കൃഷിനാശം സംഭവിച്ച വിളകൾക്ക് നഷ്ടപരിഹാരം നല്കുന്നതിന് 1139.084 ലക്ഷം രൂപയുടെ പ്രൊപ്പോസലാണ് സർക്കാരിൽ നല്കിയിരുന്നത്. എന്നാൽ പ്രസ്തുത സ്പെഷ്യൽ പാക്കേജിന് നിലവിലുള്ള മാനദണ്ഡപ്രകാരം സ്റ്റേറ്റ് ഡിസാസ്റ്റർ റെസ്പോൺസ് ഫണ്ടിൽ നിന്ന് ധനസഹായം അനുവദിക്കുവാൻ കഴിയാത്തതിനാൽ ഇതിന് ആവശ്യമായ ഫണ്ട് മറ്റു വിധത്തിൽ കണ്ടെത്താൻ കഴിയുമോ എന്നുള്ള കാര്യം പരിശോധിച്ചു വരികയാണ്.

സെക്ഷൻ ഓഫീസർ